പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ :547 24.01.2018 ലെ മറുപടിക്ക്

**<u>കയർ മേഖലയുടെ ആധുനികവൽക്കരണം</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി യു. പ്രതിഭ ഹരി<br>ശ്രീ.കെ. ദാസൻ<br>ശ്രീ.വി. ജോയി<br>ശ്രീ.എൻ. വിജയൻ പിള്ള | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |

| | |
|---|---|
| എ) ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ചും മെച്ചപ്പെട്ട സേവന വേതന വ്യവസ്ഥകൾ ഉറപ്പാക്കിക്കൊണ്ടും കയർ മേഖലയെ ആധുനിക വ്യവസായമാക്കി മാറ്റുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്; | എ) ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ചും മെച്ചപ്പെട്ട സേവന വേതന വ്യവസ്ഥകൾ ഉറപ്പാക്കിക്കൊണ്ടും കയർമേഖലയെ ആധുനിക വ്യവസായമാക്കി മാറ്റുവാൻ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>ഒരു രണ്ടാം പുന:സംഘടനയിലൂടെ കേരളത്തിലെ പരമ്പരാഗത കയർ വ്യവസായത്തെ ആധുനികവത്ക്കരിക്കാനുള്ള പദ്ധതികൾ ആവിഷ്കരിച്ചുനടപ്പിലാക്കി വരുന്നു. പരമ്പരാഗത കയർ വ്യവസായ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ട് സമ്പൂർണ്ണ യന്ത്രവത്ക്കരണമാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇന്ന് ഈ മേഖല നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി ചകിരിയുടെ ലഭ്യതക്കുറവാണ്. ഇത് പരിഹരിക്കുന്നതിനായി 2017-18 ൽ 100 ഡീഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. പൊന്നാനി കയർ പ്രോജക്ട് പരിധിയിലുള്ള വടവന്നൂരിൽ പ്രതിദിനം 30000 തൊണ്ട് ചകിരിയാക്കാനുള്ള രണ്ട് ഡീഫൈബറിംഗ് മെഷീൻ യൂണിറ്റിന്റെ നിർമ്മാണം അന്തിമഘട്ടത്തിലാണ്. 'കയർ ഉദ്യമീയോജന' എന്ന പേരിൽ കേന്ദ്ര ഗവൺമെൻറ് നടപ്പിലാക്കി വരുന്ന പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് കയർ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് പ്ലാൻറ്, മെഷിനറി, ബിൽഡിംഗ് എന്നിവയ്ക്ക് 40% സാമ്പത്തിക സഹായം, ടേം ലോണായി 55% ബാങ്കുകളിൽ നിന്നോ മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നോ ലഭ്യമാക്കും. 5% ഗുണഭോക്തൃ വിഹിതവുമായിരിക്കും. |
| ബി) രണ്ടാം കയർ പുനസംഘടന പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | ബി) ഉണ്ട്. രണ്ടാം പുനസംഘടനയുടെ ഭാഗമായി താഴെപ്പറയുന്ന കാര്യങ്ങൾ ഈ സർക്കാർ നടപ്പിലാക്കി വരുന്നു. |

| | |
|---|---|
| | കയർ ജിയോ ടെക്സ്റ്റൈയിൽസിന്റെ വ്യാപനം പരമാവധി നടത്തുന്നതാണ്. നിലവിൽ തദ്ദേശ ഭരണ വകുപ്പിൻറെ സഹായത്തോടെ എം.ജി.എൻ.ആർ.ഇ.ജി.എസ്-ന്റെ പദ്ധതികളിൽ കൃഷി, മണ്ണ് ജല സംരക്ഷണം, റോഡ് നിർമ്മാണം എന്നിവയ്ക്കായി ജിയോടെക്സ്റ്റൈയിൽസ് ഉപയോഗപ്പെടുത്തി വരുന്നു. കയർ പിരി സംഘങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന കയർ പൂർണ്ണമായും ആഭ്യന്തര വിനിയോഗത്തിന് ഈ നടപടി വഴി സാധിക്കുന്നതാണ്. കയർ ഉൽപ്പന്ന മേഖലയിൽ കയർഫെഡിൽ നിന്നും കയർ വാങ്ങി ഉൽപ്പന്നങ്ങൾ നെയ്യുന്ന ചെറുകിട ഉൽപ്പാദകരുടെ ഉൽപ്പന്നങ്ങൾ മുഴുവൻ ക്രയവില സ്ഥിരതാ പദ്ധതി പ്രകാരം സർക്കാർ കയർ കോർപ്പറേഷനിലൂടെ സംഭരിക്കും. ഡിസ്കൗണ്ട് നൽകി ഇത്തരം ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതാണ്. 2016-17 സാമ്പത്തിക വർഷം ഇപ്രകാരം സംഭരിച്ച ഉൽപ്പന്നങ്ങൾ ആഗസ്റ്റ് 2 മുതൽ സെപ്റ്റംബർ 3 വരെ നീണ്ടുനിൽക്കുന്ന കയർ വിപണന മേളയിലൂടെ 118 വിൽപ്പന കേന്ദ്രങ്ങൾ വഴി 50% കിഴിവിൽ സർക്കാർ വിറ്റഴിച്ചു. ക്രയവില സ്ഥിരതാപദ്ധതി കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി കയറ്റുമതിക്കാർക്കുള്ള പ്രോത്സാഹന സഹായം വിറ്റുവരവിന്റെ 7.5% ൽ നിന്നും 10% മായി വർദ്ധിപ്പിച്ചിട്ടുണ്ട്.<br><br>രണ്ടാം കയർ പുന:സംഘടനയുടെ ഭാഗമായി സംസ്ഥാനത്തെ 412 കയർ സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് മാനേജീരിയൽ സബ്സിഡിയായി 2,07,15,000/- രൂപ വിതരണം ചെയ്തിട്ടുണ്ട്. ഉൽപ്പന്നമേഖലയിലെ വൈവിദ്ധ്യവത്ക്കരണമാണ് മറ്റൊരു പ്രധാന ഇനം. ഇതിനായി കയർ കോമ്പോസിറ്റ് ബോർഡുകൾ ഉൾപ്പെടെയുള്ള വിവിധ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കയർ കോർപ്പറേഷന്റെ ചേർത്തല കയർ പാർക്ക് ഡിവിഷനിൽ കയറ്റുമതിക്കായുള്ള കോമൺ ഫെസിലിറ്റി സെൻറർ (എക്സ്പോർട്ട് പ്രോസസിംഗ് പാർക്ക്) നിർമ്മാണം ആരംഭിച്ചുകഴിഞ്ഞു. ഇത്തരം പദ്ധതികളിലൂടെ ഈ മേഖലയിലെ തൊഴിലാളികളെ സംരക്ഷിക്കാം. |
| സി) ഈ മേഖലയിൽ യന്ത്രവൽക്കരണം നടപ്പിലാക്കുമ്പോൾ പരമ്പരാഗത മേഖലയെ അത് പ്രതികൂലമായി ബാധിക്കാതിരിക്കുന്നതിന് എന്തെല്ലാം | സമ്പൂർണ്ണ അധുനീകരണത്തിന്റെ ഭാഗമായുള്ള യന്ത്രവൽക്കരണം നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. എന്നാൽ ഈ രംഗത്തുള്ള പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ചു കൊണ്ടു മാത്രമേ യന്ത്രവൽക്കരണം നടപ്പാക്കുകയുള്ളു. |

| | |
|---|---|
| | സംസ്ഥാനത്ത് കയർ മേഖലയ്ക്ക് ആവശ്യമായ ചകിരി ഇവിടെത്തന്നെ ഉൽപ്പാദിപ്പിച്ച് സ്വയംപര്യാപ്തത നേടുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതിനായി വൻകിട ഉൽപ്പാദനശേഷിയുള്ള ഡി.എഫ്. യൂണിറ്റുകളും, ചെറുകിട ഇടത്തരം ശേഷിയുള്ള ഡി.എഫ്. യൂണിറ്റുകളും സംസ്ഥാനത്ത് സ്ഥാപിക്കുകയാണ്. കയർഫെഡിന്റെ ആഭിമുഖ്യത്തിൽ പാലക്കാട് ജില്ലയിൽ പൊന്നാനി പ്രോജക്ടിന്റെ പരിധിയിലുള്ള വടവന്നൂരിൽ പ്രതിദിനം 30000 തൊണ്ട് ചകിരിയാക്കാൻ കഴിയുന്ന ഡി.എഫ്. യൂണിറ്റ് പ്രവർത്തനസജ്ജമായിട്ടുണ്ട്. ഈ യൂണിറ്റിന്റെ മൊത്തം ശേഷി തൊണ്ടിൻറെ ലഭ്യതയനുസരിച്ച് 60000 തൊണ്ട് എന്ന നിലയ്ക്ക് ഉയർത്തുന്നതിന് കഴിയുന്നതാണ്. കേരള സ്റ്റേറ്റ് കയർ കോർപ്പറേഷന്റെ ബേപ്പൂർ ഡിവിഷനിൽ 30000 തൊണ്ടുകൾ ഒരു ഷിഫ്റ്റിൽ സംസ്കരിക്കുവാൻ കഴിയുന്ന ഡി.എഫ് യൂണിറ്റ് പ്രവർത്തന സജ്ജമായിട്ടുണ്ട്.<br><br>കുടുംബശ്രീ സ്വയം സഹായ സംഘങ്ങളുടെ സഹായത്തോടുകൂടി സംസ്ഥാനത്ത് ചെറുകിട ചകിരി ഉൽപ്പാദന യൂണിറ്റുകൾ ആരംഭിക്കുന്നതിന് നടപടി ആയിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ ഇപ്രകാരമുള്ള ഒരു യൂണിറ്റ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് വരുന്ന മൂന്നുവർഷം കൊണ്ട് 1000 ചകിരി ഉൽപ്പാദക യൂണിറ്റുകൾ പ്രവർത്തിപ്പിക്കുന്നതിന് ലക്ഷ്യം വച്ചിട്ടുണ്ട്.<br><br>രണ്ടാം പുന:സംഘടനയുടെ ഭാഗമായി നിലവിലുള്ള എല്ലാ നിയന്ത്രണങ്ങളും എടുത്തു മാറ്റി സമ്പൂർണ്ണ യന്ത്രവത്ക്കരണം കയർ സഹകരണ മേഖലയിൽ നടപ്പിലാക്കുന്നതാണ്. എന്നാൽ ഈ രംഗത്ത് പ്രവർത്തിക്കുന്ന പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും പൂർണ്ണമായും സംരക്ഷിക്കുന്നതിനായി സംഘങ്ങളിൽ മിനിമം കൂലി ഉറപ്പാക്കി ഇവർ ഉൽപ്പാദിപ്പിക്കുന്ന കയർ മുഴുവൻ കയർഫെഡുവഴി സർക്കാർ സംഭരിക്കുന്നതാണ്.<br><br>ആലപ്പുഴയിൽ പ്രവർത്തിക്കുന്ന കയർ മെഷീനറി ഫാക്ടറിയിൽ യന്ത്രവത്ക്കരണത്തിനാവശ്യമായ എല്ലാത്തരം മെഷീനറികളും നിർമ്മിക്കുന്നതിന് പൂർണ്ണതോതിൽ സൗകര്യം ഘട്ടംഘട്ടമായി ഏർപ്പെടുത്തുന്നതാണ്. |

| | |
|---|---|
| നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | പരമ്പരാഗതമേഖലയിലെ തൊഴിലാളികളെ സംരക്ഷിക്കുന്നതിന് വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം മിനിമം 300/- രൂപ കൂലി ഉറപ്പാക്കി പരമാവധി വർഷത്തിൽ 200 ദിവസത്തെ ജോലി നൽകി വരുന്നു. പരമ്പരാഗതമേഖലയിൽ ഉൽപ്പാദിപ്പിക്കുന്ന കയറും കയർ ഉൽപ്പന്നങ്ങളും കയർഫെഡ്, കയർ കോർപ്പറേഷൻ എന്നിവ മുഖാന്തിരം പരിധിയില്ലാതെ സംഭരിച്ചു വരുന്നു. |
| ഡി) കയർ പിരി സംഘങ്ങൾക്കാവശ്യമായ ചകിരി സംസ്ഥാനത്ത് തന്നെ ഉത്പാദിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | ഡി) 1000 പുതിയ ഡി.എഫ്. മെഷീനുകൾ സ്ഥാപിച്ച് കയർപിരി സംഘങ്ങൾക്കാവശ്യമായ ചകിരി സംസ്ഥാനത്തുതന്നെ ഉൽപ്പാദിപ്പിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ